"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നവകേരളം - സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം - ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ. എം ഗൗതമൻ കെ.എ.എസ്-നെ വകുപ്പ് ചുമതലകളിൽ നിന്നും താത്കാലികമായി ഒഴിവാക്കികൊണ്ടും ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറിമാരുടെ ചുമതലകളിൽ താത്കാലിക ക്രമീകരണം നടപ്പാക്കിക്കൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.220/2026/GAD തീയതി,തിരുവനന്തപുരം, 16-01-2026

---

പരാമർശം:- സ.ഉ.(കൈ) നം. 13/2025/I&PRD, തീയതി 10.10.2025.

**<u>ഉത്തരവ്</u>**

നവകേരള നിർമ്മിതിയുടെ ഭാഗമായി സർക്കാർ നടപ്പാക്കുന്ന നവകേരളം - വികസന ക്ഷേമ പഠന പരിപാടിയുടെ സംസ്ഥാനതല പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുന്നതിലേയ്ക്കായി പരാമർശ ഉത്തരവ് പ്രകാരം രൂപീകരിച്ച സംസ്ഥാനതല നിർവ്വഹണ സമിതിയിൽ ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ. എം ഗൗതമൻ കെ.എ.എസ്-നെ അംഗമായി നിയമിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ, നവകേരളം - സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാമുമായി ബന്ധപ്പെട്ട ചുമതലകൾ പൂർണതോതിൽ നിർവ്വഹിക്കുന്നതിലേയ്ക്കായി, നിലവിൽ ധനകാര്യ വകുപ്പിലെ ഇൻഡസ്ട്രീസ് & പി ഡബ്ല്യു-എ & ബി സെക്ഷനുകളുടെ ചുമതല വഹിച്ചു വരുന്ന അണ്ടർ സെക്രട്ടറി ശ്രീ. എം ഗൗതമൻ കെ.എ.എസ്-നെ പ്രസ്തുത വകുപ്പിന്റെ ചുമതലകളിൽ നിന്നും താത്കാലികമായി വിടുതൽ ചെയ്തുകൊണ്ടും ടി ഉദ്യോഗസ്ഥൻ കൈക്കാര്യം ചെയ്തു വരുന്ന ചുമതലകളിന്മേൽ വകുപ്പിൽ താത്കാലിക ക്രമീകരണം നടപ്പാക്കുന്നതിനും ധനകാര്യ വകുപ്പ് ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നവകേരളം - വികസന ക്ഷേമ പഠന പരിപാടിയുടെ സംസ്ഥാനതല നിർവ്വഹണ സമിതി അംഗമായ ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീ. എം ഗൗതമൻ കെ.എ.എസ്-നെ, പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിക്കുന്നതിനായി, ധനകാര്യ വകുപ്പിലെ ചുമതലകളിൽ നിന്നും 2026 ഫെബ്രുവരി 15 വരെ താത്കാലികമായി വിടുതൽ ചെയ്തു ഉത്തരവ് പുറപ്പെടുവിക്കുന്നു. അതോടൊപ്പം ടി ഉദ്യോഗസ്ഥൻ കൈകാര്യം ചെയ്തു വന്നിരുന്ന ചുമതലകളിന്മേൽ ചുവടെ പറയും പ്രകാരം ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി/ അണ്ടർ സെക്രട്ടറിമാരുടെ ചുമതലകളിൽ താത്കാലിക ക്രമീകരണം നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ധനകാര്യ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി/അണ്ടർ സെക്രട്ടറി തസ്തികകളിലെ താൽകാലിക ചുമതല ക്രമീകരണം</u>**

- ഡെപ്യൂട്ടി സെക്രട്ടറി ശ്രീമതി. ശ്രീലത എൽ (പെൻ: 103845) — നെ, നിലവിലെ എച്ച്.ബി.എ, പി.യു.-ബി എന്നീ സെക്ഷനുകളുടെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്യും, നിലവിലെ മറ്റ് ചുമതലകൾക്ക് (ഇൻഡസ്ട്രീസ് & പി ഡബ്ല്യു-,സി) പുറമെ, ഇൻഡസ്ട്രീസ് & പി ഡബ്ല്യു-എ & ബി സെക്ഷനുകളുടെ ചുമതല കൂടി നൽകുന്നു.
- അണ്ടർ സെക്രട്ടറി ശ്രീമതി. സുമിത ഗോപാൽ (പെൻ: 192615) — ന്, നിലവിലെ ചുമതലക്ക് (പി.ആർ.സി - സി) പുറമെ , പി.യു.-ബി സെക്ഷന്റെ ചുമതല കൂടി നൽകുന്നു.
- അണ്ടർ സെക്രട്ടറി ശ്രീ. ഷാജി റ്റി പി (പെൻ: 296345) — ക്ക് , നിലവിലെ ചുമതലകൾക്ക് (ജി ഐ എസ്, പെർഫോർമൻസ് ബഡ്ജറ്റ് - സി) പുറമെ, എച്ച്.ബി.എ സെക്ഷന്റെ ചുമതല കൂടി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജനാർദ്ദനൻ കെ
അഡിഷണൽ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്.
ധനകാര്യം വകുപ്പ് (E:3349169 File No.: ADMN-A1/154/2025-FIN പ്രകാരം).
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
പൊതുഭരണ (ഇ- അഡ്മിനിസ്ട്രേഷൻ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad. S
Date: 19-01-2026 10:41:23
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ ഡ്യൂട്ടിക്ക്